**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** | **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സക്ക് സ്വകാര്യ ആശുപത്രികളിൽ സർക്കാർ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിതരുടെ ചികിത്സക്കായി സ്വകാര്യ ആശുപത്രികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് ബാധിതരായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഗുണഭോക്താക്കൾക്കും സർക്കാർ ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന മറ്റ് കോവിഡ് ബാധിതർക്കും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യ കോവിഡ് ചികിത്സ നൽകി വരുന്നു. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 ൽ ഉൾപ്പെട്ട ഇൻഫെക്ഷ്യസ് ഡിസീസ് എന്ന പാക്കേജ് പ്രകാരമാണ് ചികിത്സ ഉറപ്പ വരുത്തുന്നത്. രോഗിയ്ക്ക് ആവശ്യമായി വരുന്ന മരുന്ന്, ടെസ്റ്റ് ചെയ്യാനുള്ള ചെലവുകൾ, നഴ്സിംഗ് ചാർജ്ജ്, ഐസിയു, വെന്റിലേറ്റർ സൗകര്യങ്ങൾ തുടങ്ങിയ എല്ലാ ചികിത്സ ചെലവുകളും പ്രസ്തുത പാക്കേജിൽ ഉൾപ്പെടും. കൂടാതെ, കോവിഡ് ചികിത്സയ്ക്കായി 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്വകാര്യ ആശുപത്രിക്ക് ഒരു രോഗിയുടെ ചികിത്സക്കായി പരമാവധി എത്ര തുക വരെയാണ് സർക്കാരിന് നൽകാൻ കഴിയുക എന്ന് വിശദമാക്കുമോ? | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ( KASP) യിൽപ്പെട്ട ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ നിന്നും കോവിഡ് ചികിത്സക്ക് ഒരു വർഷത്തേക്ക് പരമാവധി 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയാണ് ലഭ്യമാകുന്നത്. KASP കാർഡുടമകൾ അല്ലാത്തതും സർക്കാർ ആശുപത്രികളിൽ നിന്നും റഫർ ചെയ്തതുമായ കോവിഡ് രോഗികൾക്കും പരമാവധി 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ